**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **18-09-2025 - ൽ മറുപടിയ്ക്ക്**

**കരവാരം - നഗരൂർ - പുളിമാത്ത് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം - നഗരൂർ - പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത്, നഗരൂർ, കരവാരം പഞ്ചായത്തുകൾക്കായുള്ള സംയുക്ത ശുദ്ധജല പദ്ധതിയുടെ വിവിധ തരത്തിലുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ ഒന്നാം ഘട്ടമായുള്ള കിണർ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ട്രാൻസ്മിഷൻ ലൈനുകൾ, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചു വരികയാണ്. ജല ജീവൻ മിഷന്റെ ഭാഗമായി രണ്ടാം ഘട്ടമായുള്ള വിതരണ ശൃംഖലകൾ സ്ഥാപിക്കൽ, കുടിവെള്ള കണക്ഷനുകൾ എന്നിവയുടെ പ്രവൃത്തിയും പുരോഗമിച്ചു വരികയാണ്. പ്രസ്തുത പഞ്ചായത്തുകളിൽ നാളിതുവരെ 68% പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കൾക്കുള്ള ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിയുടെ ഭാഗമായി 339.4 കി.മീ പൈപ്പ് ലൈൻ ശൃംഖല സ്ഥാപിക്കാൻ ഉള്ളതിൽ നാളിതുവരെ 179.636 കി.മീ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ